പട്ടിക സമുദായക്ഷേമവും യുവജന സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ):

(എ)—(സി) കുണ്ടറ വിളംബരം നടത്തിയ സ്ഥലത്ത് ഒരു സ്മാരകം നിർമ്മിക്കുന്നതിന് കുണ്ടറ വേലുത്തമ്പി സ്മാരക ട്രസ്റ്റ് സാമ്പത്തിക സഹായത്തിന് അപേക്ഷിച്ചിരുന്നു. ഈ സാമ്പത്തിക വർഷംതന്നെ മണ്ണടിയിൽ വേലുത്തമ്പി ദളവയുടെ പ്രതിമ സ്ഥാപിക്കുന്നതിന് 5 ലക്ഷം രൂപ അനുവദിച്ചുകൊണ്ടുള്ള ഭരണാനുമതി നൽകിയതിനാൽ മേൽപ്പറഞ്ഞ അപേക്ഷ അനുകൂലമായി പരിഗണിക്കാൻ കഴിഞ്ഞിട്ടില്ല.

ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട്

15. [*ഇ] ശ്രീ. എ. കെ. ബാലൻ :
,, കെ. പി. സതീശ് ചന്ദ്രൻ :
,, കെ. വി. കുഞ്ഞിരാമൻ :
,, വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ നിയോഗിച്ച ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ എന്നാണ് സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചത്; റിപ്പോർട്ടിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) റിപ്പോർട്ടിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) റിപ്പോർട്ടിൻ പ്രകാരം സർക്കാർ സർവ്വീസിൽ വേണ്ടത്ര പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത പിന്നോക്ക സമുദായങ്ങൾക്കുള്ള കുറവ് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കുന്നതിന് മുൻപ് ബന്ധപ്പെട്ട വരുമായി ചർച്ച ചെയ്ത് സമവായമുണ്ടാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) ഇത് സംബന്ധിച്ച് സർക്കാർ ഉണ്ടാക്കിയിട്ടുള്ള ഒത്തുതീർപ്പു ഫോർമുലകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി):

(എ) 9-11-2001-ൽ ആണ് സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചത്. റിപ്പോർട്ട് നിയമസഭയുടെ മേശപ്പുറത്ത് വച്ചിട്ടുണ്ട്.

(ബി)—(ഇ) ഇതുസംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള 2-2-2006-ലെ സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly